# INDIAN SCHOOL NIZWA - WORKSHEET

MALAYALAM

GRAMMAR

Name: ____________________ Date:_____________ Class: X Sec: ___

| | | |
|---|---|---|
| I | പ്രയോഗം മാറ്റുക | |
| 1. | അയാൾ ആ രണ്ടു മെഴുകുതിരി വിളക്കുകൾ കയ്യിൽ വാങ്ങി | |
| 2. | മനുഷ്യനെ ക്കൊണ്ട് പറഞ്ഞറിയിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു ഭാവ വിശേഷത്തോട് കൂടി അയാൾ ആ വന്ദ്യനായ മെത്രാനെ തുറിച്ചു നോക്കി . | |
| 3. | മെത്രാൻ ഒരു നിമിഷ നേരത്തേക്ക് ഒന്നും മിണ്ടാതെ നിന്നു . | |
| 4. | ചൊടിയുള്ള ഒരു വൃദ്ധയുടെ ജാഗ്രതയോട് കൂടി മദാം മഗ്ലൂർ ഒരു നിമിഷനേരം കൊണ്ട് ഈശ്വര വന്ദന മുറിയിലേക്ക് പാഞ്ഞു . | |
| 5. | വിരൽത്തുമ്പു കൊണ്ട് പതുക്കെ അയാൾ വാതിലുന്തി . | |
| II | അംഗ വാക്യം - അംഗി വാക്യം എന്നിവ വേർതിരിച്ചെഴുതുക | |
| 1. | ഒരു മഴക്കാലത്ത് തൊഴിലില്ലാതെ മുഴുപ്പട്ടിണിയിലകപ്പെട്ടപ്പോൾ സഹോദരിയുടെയും കുട്ടികളുടെയും വിശപ്പ് മാറ്റാൻ ബേക്കറിയിൽ നിന്ന് അയാൾ ഒരു റൊട്ടി മോഷ്ടിച്ചു . | |
| 2. | പര ലോകത്ത് വച്ച് ഇഹലോക കർമ്മങ്ങളെ വിചാരണയ്ക്കെടുക്കുമ്പോഴത്തെ തുളഞ്ഞു കയറുന്നതും ഭയം തോന്നിക്കുന്നതുമായ കാഹള ശബ്ദം പോലെ തിരികുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെകിട്ടിലലച്ചു. | |
| 3. | ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളത് ഒരിക്കലും മറന്നു പോകരുത് . | |
| 4. | ഒരു ഗുഹയിൽ നിന്ന് പുറപ്പെടുന്ന കാറ്റിന്റെ ഇരമ്പിച്ചയോട് കൂടി അയാളുടെ മാറിടത്തിൽ നിന്ന് ശ്വാസവേഗം തള്ളി വന്നു . | |
| 5. | ചൊടിയുള്ള ഒരു വൃദ്ധയുടെ ജാഗ്രതയോട് കൂടി മദാം മഗ്ലൂർ ഒരു | |

| | | |
|---|---|---|
| | നിമിഷനേരം കൊണ്ട് ഈശ്വര വന്ദന മുറിയിലേക്ക് പാഞ്ഞു . | |
| III | വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക | |
| 1. | അയാൾ ഒരു നിമിഷം നിശ്ചലനായി അനങ്ങാതെ നിന്നു . | |
| 2. | അശ്വത്ഥാമാവ് ഭാഗീരഥികച്ഛ തീരത്തിൽ ഋഷികളോട് കൂടി ഇരുന്നരുളുന്ന വ്യാസന്റെ അടുത്തു ചെന്നു . | |
| 3. | അപരിചിതരുടെ താൽപര്യ രഹിതമായ സംഭാഷണം എണ്ണമറ്റ അനേകം കൊലക്കയറുകളായി വെള്ളായിയപ്പന് തോന്നി . | |
| 4. | ഒരിക്കലും മറക്കാനാവാത്ത ചില അവിസ്മരണീയ പ്രയോഗങ്ങൾ അദ്ദേഹം പത്രങ്ങൾക്കെതിരെ നടത്തി . | |
| 5 | ദിവസേനയുള്ള വലിയ പ്രതിദിന വാർത്തകളെ ക്കുറിച്ചാണ് ഞാനിവിടെ എഴുതുന്നത് . | |